പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1650 21.03.2012-ൽ മറുപടിയ്ക്ക്

താറാവു കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ്സ് ചാണ്ടി; | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് മന്ത്രി |
| (എ) താറാവുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുമായി കെംസ്ഫെഡിനെ നോഡൽ ഏജൻസിയായി നിയമിക്കണമെന്ന അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ: | (എ) | സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) കുട്ടനാടൻ താറാവുകളുടെ മുട്ടയും മാംസവും എല്ലാ ജില്ലകളിലും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ: | (ബി) | താറാവ്, മുട്ട, മാംസം എന്നിവയുടെ ഉല്പാദന വർദ്ധനവിനുള്ള പദ്ധതികളാണ് ഇപ്പോൾ വകുപ്പിനുള്ളത്. ഇവയുടെ വിതരണത്തിനുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല. |
| (സി) താറാവു കർഷകർക്കുള്ള ലോണുകളും ഗ്രാന്റുകളും കെംസ്ഫെഡ് മുഖാന്തിരം ലഭ്യമാക്കുമോ: | (സി) | താറാവ് വളർത്തുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള വകുപ്പിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിന് വകുപ്പിന്റേതായ സംവിധാനം നിലവിലുള്ള സാഹചര്യത്തിൽ, പ്രൈവറ്റ് ഏജൻസികളെ ഇടനിലക്കാരായി നിശ്ചയിച്ചു നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) താറാവുകൾക്ക് ഇൻഷ്വറൻസ് സംവിധാനം പുനസ്ഥാപിക്കുമോ: | (ഡി) | നേരത്തെ താറാവുകളെ ഇൻഷ്വർ ചെയ്തിരുന്നത് താറാവൊന്നിന് ഇൻഷ്വറൻസ് കമ്പനിയുടെ പ്രീമിയം നിരക്ക് സബ്സിഡി 50 പൈസയും **Beneficiary contribution** 50 പൈസയും ആയി താറാവൊന്നിന് ഒരു രൂപ നിരക്കായിരുന്നു. ഇപ്പോൾ ഇൻഷ്വറൻസ് കമ്പനികൾ പ്രീമിയം നിരക്ക് ഉയർത്തുകയുണ്ടായി. മേല്പറഞ്ഞ ഉയർത്തിയ നിരക്കിൽ താറാവുകളെ ഇൻഷ്വർ ചെയ്യുന്നതിന് കർഷകർ വിമുഖത കാട്ടുന്നു. ആയതിനാൽ ഇപ്പോൾ താറാവുകളുടെ ഇൻഷ്വറൻസ് നടപ്പാക്കി വരുന്നില്ല. |
| (ഇ) താറാവുകൾക്ക് വിങ്ങ് ബാന്റ് അല്ലെങ്കിൽ ലഗ് ബാന്റ് സംവിധാനം ഏർപ്പെടുത്തി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഇപ്പോൾ താറാവുകൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നില്ല. |

സെക്ഷൻ ഓഫീസർ